# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 11 ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

വിദ്യാഭ്യാസ വകുപ്പുമന്ത്രി
റവന്യൂ വകുപ്പുമന്ത്രി
മരാമത്ത് വകുപ്പുമന്ത്രി
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി

<u>പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും</u>

*241 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, പി. ഉബൈദുള്ള
,, കെ. എം. ഷാജി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സമയബന്ധിതവും കാര്യക്ഷമവുമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പാഠപുസ്തക അച്ചടിയിലും, വിതരണത്തിലും മുൻ സർക്കാരിന്റെ കാലത്ത് വൻക്രമക്കേടുകൾ നടന്നതായി അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ക്രമക്കേടു സംബന്ധിച്ച ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുമോ ;

(ഡി) എത്ര രൂപയുടെ നഷ്ടമാണുണ്ടായതെന്നും, ഈ നഷ്ടം നികത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ ;

(ഇ) ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>ഭൂമികേരളം പദ്ധതി</u>

*242 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, എം.പി. അബ്ദുസ്സമദ് സമദാനി
,, എൻ.എ. നെല്ലിക്കുന്ന്
,, പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമികേരളം പദ്ധതി പ്രവർത്തനം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) റീസർവ്വെ നടപടികൾ പൂർത്തിയാക്കിയ പ്രദേശങ്ങളിൽ ഭൂമികേരളം പദ്ധതി പ്രകാരം എന്തൊക്കെ ജോലികളാണ് ഏറ്റെടുത്തു നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(സി) റീസർവ്വെ പൂർത്തിയാക്കിയ വില്ലേജുകളിൽ ഉടമാവകാശം സംബന്ധിച്ചും കൈവശഭൂമിയുടെ അളവുകളെ സംബന്ധിച്ചും നിരവധി പരാതികൾ നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ അതെന്താണെന്ന് വിശദമാക്കുമോ;

(ഡി) റീസർവ്വെ പ്രവർത്തനങ്ങളിൽ റവന്യൂ, സർവ്വെ വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം നിരവധി അപാകതകൾ ഉണ്ടാകുകയും ഭൂമികൈമാറ്റത്തിന് ഉടമകൾക്ക് സാധിക്കാതെ വന്നതുമായ പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ കാലതാമസമില്ലാതെ പരിഹരിക്കാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

റോഡ് നിർമ്മാണത്തിന് പ്രത്യേക കമ്പനി

*243 ശ്രീ. റ്റി. വി. രാജേഷ്
,, ഇ. പി. ജയരാജൻ
,, പി. ശ്രീരാമകൃഷ്ണൻ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ നിർമ്മാണത്തിനും വികസനത്തിനുമായി പുതുതായി കമ്പനി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത കമ്പനിയുടെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തായിരിക്കും എന്ന് വിശദമാക്കാമോ ; മൂലധനം സ്വരൂപിക്കുന്നത് എപ്രകാരമായിരിക്കും ;

(സി) ഇതിനായി വിദേശ സഹായം എന്തെങ്കിലും പ്രതീക്ഷിക്കുന്നുണ്ടോ ; റോഡുകൾ തീരുമാനിക്കുന്നതിനുള്ള കൺസൾട്ടൻസി സ്ഥാപനത്തെ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് സ്ഥാപനത്തെ ;

(ഡി) ഇപ്പോൾ നടന്നു വരുന്ന റോഡ് നിർമ്മാണ-വികസന പ്രവർത്തനങ്ങൾ ഏത് രീതിയിൽ തുടരാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ടൂറിസം ഡെസ്റ്റിനേഷൻ കൗൺസിലുകൾ</u>

*244 ശ്രീ.എം. ഹംസ
,, ജെയിംസ് മാത്യൂ
,, ബി.ഡി. ദേവസ്സി
,, കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ ഇപ്പോൾ ഏതെല്ലാം ഡെസ്റ്റിനേഷനുകളിലാണുള്ളതെന്ന് വ്യക്തമാക്കാമോ; ഇവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും സജീവമാക്കുന്നതിനും ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ; വിശദമാക്കാമോ;

(ബി) 2011 മേയ് മാസത്തിനുശേഷം യോഗം ചേർന്നിട്ടില്ലാത്ത ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ ഏതെല്ലാമാണ്;

(സി) ഡി.എം.സി കളുടെ പ്രവർത്തനത്തിന് സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ഡി.എം.സി.കൾക്ക് എന്തു തുക വീതം നൽകിയിട്ടുണ്ട്?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

വസ്തുനികുതി നിർണ്ണയ ബോർഡ് രൂപീകരിക്കുവാൻ നടപടി

*245 ശ്രീ. എളമരം കരീം
,, വി. ശിവൻകുട്ടി
,, രാജു എബ്രഹാം
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വസ്തുനികുതി നിർണ്ണയ ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് 13-ാം ധനകാര്യ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ബോർഡ് രൂപീകരിക്കുന്നതോടെ സംസ്ഥാനത്ത് ഇന്ന് നിലനില്ക്കുന്ന സമ്പ്രദായങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഇത് സംസ്ഥാനത്തിന് വരുമാനവർദ്ധനവിന് കാരണമാകുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

ലാൻഡ് ബാങ്ക് രൂപീകരണം

*246 ശ്രീ. ചിറ്റയം ഗോപകുമാർ
,, ഇ. ചന്ദ്രശേഖരൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാൻഡ് ബാങ്ക് രൂപീകരിച്ചത് എന്നാണ്;

(ബി) പ്രസ്തുത ബാങ്കിൽ എത്ര ഹെക്ടർ ഭൂമിയുണ്ട്; പ്രസ്തുത ബാങ്കിലുള്ള ഭൂമിയിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ആവശ്യങ്ങൾക്ക് ഭൂമി കൊടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ, എന്തെല്ലാം ആവശ്യങ്ങൾക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ലാൻഡ് യൂട്ടിലിറ്റി ബാങ്ക് കൂടി സ്ഥാപിക്കാനുള്ള ഉദ്ദേശമുണ്ടോ; എങ്കിൽ പ്രസ്തുത ബാങ്കിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ശബരിമലയിലേയ്ക്കുള്ള മുഴുവൻ റോഡുകളും ഗതാഗത യോഗ്യമാക്കുന്നതിന് നടപടി</u>

*247 ശ്രീ. അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ
,, ജോസഫ് വാഴയ്ക്കൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേയ്ക്കുള്ള മുഴുവൻ റോഡുകളും ഗതാഗതയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അടുത്ത മണ്ഡലവ്രതക്കാലത്തിനുമുമ്പായി റോഡുകൾ ഗതാഗതയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

റോഡ് വികസനത്തിനായി ഏറ്റെടുത്ത
ഭൂമിയിലെ കയ്യേറ്റങ്ങൾ

*248 ശ്രീ. ബി. ഡി. ദേവസ്സി
,, പി. കെ. ഗുരുദാസൻ
,, ബി. സത്യൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ, സംസ്ഥാന പാതകളുടെ വികസന (വളവു നിവർത്തൽ) പ്രവർത്തനത്തിനു ശേഷം അധികരിച്ചതും ഭാവിയിൽ വികസനത്തിനായി ഏറ്റെടുത്തിട്ടിരിക്കുന്നതുമായ ഭൂമിയിൽ അനധികൃതമായി നടന്നിട്ടുള്ള കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വികസനപ്രവർത്തനത്തിനു ശേഷം അധികമായി വന്നിട്ടുള്ള ഭൂമി കമ്പോളവിലയ്ക്ക് ലേലം ചെയ്ത് മുതൽ കൂട്ടാനോ വകുപ്പുകൾക്ക് നേരിട്ടുള്ള ഉപയോഗത്തിന് വിധേയമാക്കാനോ നടപടി സ്വീകരിക്കുമോ;

(സി) വികസനത്തിനായി ഏറ്റെടുത്തിരിക്കുന്ന ഭൂമി എത്രയും പെട്ടെന്ന് ഉപയോഗപ്പെടുത്തി റോഡുകളുടെ വീതി കൂട്ടി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന നടപടികൾ

*249 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ സാധാരണ ഏതു മാസത്തിലാണ് നടക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) എൻട്രൻസ് പരീക്ഷാഫലം വളരെ നേരത്തെ പ്രസിദ്ധീകരിച്ചു കഴിഞ്ഞാലും മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളിലേക്കുള്ള അഡ്മിഷൻ നടപടികൾ അനന്തമായി നീളുന്ന അവസ്ഥ ഗൗരവമായി കാണുന്നുണ്ടോ ;

(സി) എങ്കിൽ, ഇതിന് എന്തു പ്രതിവിധിയാണ് സർക്കാർ ആലോചിക്കുന്നത് ; വിശദാംശങ്ങൾ നല്കുമോ ;

(ഡി) അടുത്ത അദ്ധ്യയന വർഷം മുതൽ പ്രസ്തുത പ്രവേശന നടപടികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള ക്രമികരണങ്ങൾ ഈ വർഷം തന്നെ പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>റസിഡൻഷ്യൽ പരിശീലന പദ്ധതി</u>

*250 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എം. എ. വാഹീദ്
,, സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഹൈസ്ക്കൂൾ അദ്ധ്യാപകർക്കുള്ള റസിഡൻഷ്യൽ പരിശീലന പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും എങ്ങനെയെന്ന് വിശദീകരിക്കുമോ ;

(സി) എൻ. സി. ഇ. ആർ. ടി. യുടെ സഹകരണത്തോടെ ഈ പരിശിലന പരിപാടികൾക്ക് അന്തിമരൂപം നൽകുമോ ;

(ഡി) ഏതെല്ലാം വിഷയങ്ങൾക്കാണ് പരിശീലന പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ളത് ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>എൻട്രൻസ് റാങ്ക് ലിസ്റ്റ്</u>

*251 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ പ്ലസ്ടുവിന്റെ മാർക്കുകൂടി പരിഗണിക്കുന്നതിനുള്ള തീരുമാനം നടപ്പിൽ വരുത്തിയോ; വിശദാംശങ്ങൾ നൽകുമോ;

(ബി) നടപ്പ് അധ്യയന വർഷം മെഡിക്കൽ പ്രവേശന പരീക്ഷയുടെ മാർക്കിനോട് പ്ലസ്ടൂവിന്റെ മാർക്ക് ചേർത്ത് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തായിരുന്നു തടസ്സം; ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സെൽഫോൺ നിരോധനം

*252 ശ്രീ. കെ.എൻ.എ. ഖാദർ
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. എം. ഷാജി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ ക്യാമറ സൗകര്യമുളളതും അല്ലാത്തതുമായ സെൽഫോണുകളുടെ ഉപയോഗവും ദുരുപയോഗം വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സെൽഫോൺ നിരോധനം ഫലപ്രദമാവുന്നില്ലെന്ന കാര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സെൽഫോൺ ഉപയോഗം തടയാൻ ഉതകുന്ന ജാമറുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്ത് റോഡുകൾ തിരിച്ചെടുത്ത്
ഗതാഗതയോഗ്യമാക്കാൻ നടപടി</u>

*253 ശ്രീ. ജി. സുധാകരൻ
,, കെ. വി. വിജയദാസ്
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയുണ്ടായിരുന്ന റോഡുകൾ മരാമത്ത് വകുപ്പ് തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര കിലോമീറ്റർ റോഡുകൾ;

(ബി) ഇത്തരത്തിൽ തിരിച്ചെടുക്കാൻ ഉണ്ടായ സാഹചര്യം എന്തായിരുന്നു;

(സി) തിരിച്ചെടുത്തതിനു ശേഷം പ്രസ്തുത റോഡുകളുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത റോഡുകളെല്ലാം ഗതാഗതയോഗ്യമാക്കുന്നതിന് പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റുകൾ എടുത്തിട്ടുണ്ടോ; എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; ഇതിന് പ്രത്യേകമായി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>അതിവേഗ ഇടനാഴി</u>

*254 ശ്രീ. എം. എ. വാഹീദ്
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിവേഗ ഇടനാഴി നടപ്പാക്കേണ്ടത് അനിവാര്യമാണെന്ന് അഭിപ്രായമുണ്ടോ ;

(ബി) എങ്കിൽ ഇത് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ടി.പി. റോഡുകളുടെ രണ്ടാംഘട്ടം</u>

*255 ശ്രീ. കെ. ശിവദാസൻ നായർ
,, സി.പി. മുഹമ്മദ്
,, വി.ഡി. സതീശൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. യുടെ രണ്ടാം ഘട്ടത്തിൽ ഏതെല്ലാം റോഡുകളുടെ പുനർനിർമ്മാണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) രണ്ടാം ഘട്ടത്തിൽ ധനസഹായം നല്കുന്ന ധനകാര്യ സ്ഥാപനം ഏതാണ്;

(സി) ഇത് സംബന്ധിച്ച ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) റോഡുകളുടെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>റോഡുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച മാനദണ്ഡങ്ങൾ</u>

*256 ശ്രീ. എം. ചന്ദ്രൻ
,, ബാബു എം. പാലിശ്ശേരി
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപണി സംബന്ധിച്ച മാനദണ്ഡങ്ങൾ എന്താണ് ;

(ബി) അറ്റകുറ്റപണികൾ നടത്തിയിട്ടും പ്രസ്തുത റോഡുകൾ വളരെ പെട്ടെന്ന് തന്നെ ഗതാഗതയോഗ്യമല്ലാതായിത്തീരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നടത്തുന്ന അറ്റകുറ്റപണികൾ കുറ്റമറ്റതാണെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇതിന് കാരണക്കാരാകുന്ന ഉദ്യോഗസ്ഥർക്കും കരാറുകാർക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കേന്ദ്രസഹായത്തിനായി സമർപ്പിക്കപ്പെട്ട ടൂറിസം പദ്ധതികൾ</u>

*257 ശ്രീ. എസ്. രാജേന്ദ്രൻ
,, കെ. വി. വിജയദാസ്
,, കെ. സുരേഷ് കുറുപ്പ്
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കേന്ദ്ര സഹായത്തിനായി സമർപ്പിക്കപ്പെട്ട ടൂറിസം പദ്ധതികൾ ഏതൊക്കെയാണ്; ഇതിൽ സംസ്ഥാന സർക്കാർ മുൻഗണന നൽകിയിരിക്കുന്നത് ഏതെല്ലാം പദ്ധതികൾക്കാണ്; ഇതിനായി എത്ര കോടി രൂപ കേന്ദ്രസഹായം പ്രതീക്ഷിക്കുന്നു;

(ബി) മുൻസർക്കാർ തയ്യാറാക്കിയ ആലപ്പുഴ, വയനാട്, തലശ്ശേരി, മുസിരിസ് സമഗ്ര പദ്ധതികളിൽ ഇതിനകം കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളവ ഏതൊക്കെയാണ്; എത്ര കോടിയുടെ ഭരണാനുമതിയാണ് ലഭിച്ചിരുന്നത്;

(സി) കഴിഞ്ഞ 5 വർഷം കൊണ്ട് കേന്ദ്രാനുമതി വാങ്ങിയ ടൂറിസം പദ്ധതികളുടെ മൊത്തം തുകയെത്ര; 2001-06 കാലയളവിൽ കേന്ദ്രാനുമതി വാങ്ങിയ ടൂറിസം പദ്ധതികളുടെ മൊത്തം തുകയെത്ര?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി വിഭാഗക്കാര്‍ക്ക് ധനസഹായം

*258 ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി
,, പാലോട് രവി
,, എ. റ്റി. ജോര്‍ജ്
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി വിഭാഗക്കാര്‍ക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നിലവില്‍ നല്‍കി വരുന്നത് ; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ ;

(ബി) ഇവര്‍ക്കു നല്‍കി വരുന്ന ആനുകൂല്യങ്ങളും ധനസഹായവും വര്‍ദ്ധിപ്പിക്കുവാന്‍ ആലോചനയുണ്ടോ ;

(സി) എങ്കില്‍ അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വിദേശഭാഷാ പഠനം

*259 ശ്രീ. സി. മോയിൻകുട്ടി
,, കെ. എൻ. എ. ഖാദർ
,, എൻ. ഷംസുദ്ദീൻ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശഭാഷാ പഠനത്തിന് നിലവിലുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഇന്നുള്ള സൗകര്യങ്ങൾ കാലഘട്ടത്തിന് പര്യാപ്തമായ വിധത്തിലുള്ളതാണെന്ന് കരുതുന്നുണ്ടോ;

(സി) വിദേശരാജ്യങ്ങളുമായുള്ള ബന്ധം സുദൃഢമാകുന്നതിന് ഭാഷ ഒരു പ്രധാന ഘടകമാണെന്നതുകൊണ്ട് വിദേശഭാഷാ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) കോളേജ് തലത്തിൽ അറബിക് പഠനത്തിന് നിലവിലുള്ള സൗകര്യങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഇ) വിദേശഭാഷാ പഠനം പോഷിപ്പിക്കുന്നതിനും അറബിക് പഠനത്തിന് പ്രാധാന്യം നൽകുന്നതിനും ഒരു വിദേശഭാഷാ പഠന ഗവേഷണ യൂണിവേഴ്സിറ്റിയും / അറബിക് യൂണിവേഴ്സിറ്റയും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>അധിക ഭൂമി ലാന്റ് ബാങ്കിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി</u>

*260 ശ്രീ. പി. കെ. ഗുരുദാസൻ
,, കെ. ദാസൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരാമത്ത് വകുപ്പ് വികസന പ്രവർത്തനങ്ങൾക്ക് ഏറ്റെടുത്തതിൽ അധികമായ ഭൂമി ലാന്റ് ബാങ്കിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതനുസരിച്ച് എത്ര ഭൂമി ലാന്റ് ബാങ്കിലേക്ക് നൽകിയിട്ടുണ്ട് ;

(സി) ഇതിനായി അധിക ഭൂമി കണ്ടെത്തുന്നതിന് വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) വകുപ്പിന്റെ അധീനതയിലുള്ള ഭൂമി വില്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ കമ്പ്യൂട്ടർ പഠനം</u>

*261 ശ്രീ. സി. പി. മുഹമ്മദ്
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.പി., യു.പി. സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ആദ്യഘട്ടത്തിൽ ഏതെല്ലാം ജില്ലകളിലെ സ്കൂളുകളിലാണ് നടപ്പാക്കുന്നത്;

(ഡി) സംസ്ഥാനത്തെ എല്ലാ എൽ.പി., യു.പി. സ്കൂളുകളിലും എത്ര നാളുകൾക്കകം ഇത് നടപ്പിലാക്കാനാകും;

(ഇ) കമ്പ്യൂട്ടർ പഠനം നടപ്പാക്കുന്ന സ്കൂളുകളിൽ ഇന്റർനെറ്റ് - ബ്രോഡ്ബാന്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

കേരള ടൂറിസത്തിന്റെ മാർക്കറ്റിംഗ് പദ്ധതികൾ

*262 ശ്രീ. എ. എം. ആരിഫ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. സാജു പോൾ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസത്തിന്റെ ഈ വർഷത്തെ മാർക്കറ്റിംഗ് പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകളെ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ് മാർക്കറ്റിംഗ് പ്ലാനുകൾ ;

(ബി) ഈ വർഷം ഇതിനായി വകയിരുത്തപ്പെട്ട തുക എത്ര ; ഇതിൽ വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകിയ പദ്ധതികൾ ഏതൊക്കെ ;

(സി) ഏതെല്ലാം വിദേശ രാജ്യങ്ങളിലെ ഏതെല്ലാം മാർട്ടുകളിൽ ഏതെല്ലാം ഉദ്യോഗസ്ഥന്മാരും മന്ത്രിയും പങ്കെടുക്കാനാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഇതിനായി എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

വിജിലൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ
കാര്യക്ഷമമാക്കുന്നതിന് നടപടി

*263 ശ്രീ. ബി. സത്യൻ
,, എം. എ. ബേബി
,, പുരുഷൻ കടലുണ്ടി
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഴിമതികൾ കണ്ടെത്തുന്നതിനായി വിജിലൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ബി) നൂതനമായ എന്തെല്ലാം രീതികളാണ് അവലംബിക്കാനുദ്ദേശിക്കുന്നത്;

(സി) വിജിലൻസ് വകുപ്പിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിനും മാറ്റി നിർത്തുന്നതിനും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>ഉന്നതവിദ്യാഭ്യാസ മേഖലകളുടെ നിലവാരം ഉയര്‍ത്താന്‍ നടപടി</u>

*264 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ആര്‍ട്സ് & സയന്‍സ് കോളേജുകളെ ഉന്നതനിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സി. ബി. സി. എസ്. എസ്. (ക്രെഡിറ്റ് & സെമസ്റ്റര്‍ സിസ്റ്റം) സംസ്ഥാനത്ത് നടപ്പാക്കുകവഴി ഈ മേഖലയില്‍ വന്ന മാറ്റങ്ങള്‍ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(സി) പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതോടൊപ്പം കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങള്‍ മെച്ചപ്പെടുത്താനും അഡ്മിനിസ്ട്രേഷന്‍ കാലോചിതമായി പരിഷ്ക്കരിക്കാനും അനുയോജ്യമായ അക്കാഡമിക് സാഹചര്യമുണ്ടാക്കാനും നടപടി സ്വീകരിക്കുമോ;

(ഡി) യു. ജി. സി. റിപ്പോര്‍ട്ട് നടപ്പാക്കുമ്പോള്‍ അദ്ധ്യാപകരുടെ ശമ്പളപരിഷ്ക്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങള്‍ നടപ്പാക്കു.തോടൊപ്പം അക്കാദമിക് നിലവാരം ഉയര്‍ത്തുന്നതിനുളള മാര്‍ഗ്ഗനിര്‍ദ്ദേശങ്ങളും, അവരുടെ കൃത്യനിര്‍വ്വഹണവും, ഗുണനിലവാരവും വിലയിരുത്താനുളള നിര്‍ദ്ദേശങ്ങളും വേണ്ട രീതിയില്‍ നടപ്പാക്കുന്നില്ല എന്ന ആക്ഷേപം പരിശോധിക്കുമോ;

(ഇ) അദ്ധ്യാപകരും വിദ്യാര്‍ത്ഥികളും കൃത്യമായി ക്ലാസ്സില്‍ ഹാജരാകുന്നുവെന്നും നിശ്ചിത സാധ്യായ ദിവസങ്ങളില്‍ അധ്യയനം നടക്കുന്നുവെന്നും ഉറപ്പുവരുത്തുവാന്‍ നടപടി സ്വീകരിക്കുമോ;

(എഫ്) കോളേജുകളില്‍ കാലഹരണപ്പെട്ട തസ്തികകളില്‍ ജോലി ചെയ്യാനില്ലാതെ ജീവനക്കാര്‍ നിലനില്ക്കുമ്പോള്‍ അത്യാവശ്യ തസ്തികകളില്‍ ജീവനക്കാരെ നിയമിക്കാറില്ല എന്ന പരാതി പരിശോധിക്കുമോ;

# കേരള നിയമസഭ

## 11.10.2011-ലെ മറുപടിക്ക്

(ജി) കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് കാലോചിതവും ശാസ്ത്രീയവുമായ നയങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കാനും ഉന്നതവിദ്യാഭ്യാസ കൗൺസിൽ പുന:സംഘടിപ്പിക്കാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ദേശീയപാതാ വികസനം</u>

*265 ശ്രീ. എസ്. ശർമ്മ
,, എ. കെ. ബാലൻ
,, കെ. കെ. നാരായണൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ലക്ഷ്യവും പുരോഗതിയും വിശദമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ഭൂമിയും തൊഴിലും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാനുള്ള പ്രത്യേക പദ്ധതിയുടെ അന്തിമരൂപം എന്താണ്;

(സി) ദേശീയപാതാ വികസനം പൂർണ്ണതോതിൽ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>റിവര്‍ മാനേജ്മെന്റ് ഫണ്ട്</u>

ഠ*266 ശ്രീ. എം. എ ബേബി
,, സി. കെ. സദാശിവന്‍
ഡോ. കെ. ടി. ജലീല്‍
ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റിവര്‍ മാനേജ്മെന്റ് ഫണ്ട് വികസന പ്രവര്‍ത്തനങ്ങള്‍ക്ക് വിനിയോഗിക്കുന്നത് സംബന്ധിച്ച മാനദണ്ഡം വിശദമാക്കാമോ;

(ബി) റിവര്‍ മാനേജ്മെന്റ് ഫണ്ട് ഇപ്പോള്‍ ഓരോ ജില്ലയിലും എത്രയുണ്ടെന്ന് വിശദമാക്കാമോ;

(സി) റിവര്‍ മാനേജ്മെന്റ് ഫണ്ടിലേക്ക് അടക്കേണ്ടതായ തുക കൃത്യസമയത്ത് ജില്ലാ കളക്ടര്‍ക്ക് ലഭിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ ബസ് ഡ്രൈവർമാർ</u>

*267 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബസ്സുകൾ ഓടിക്കുന്നത് പരിചയസമ്പന്നരാണോ എന്ന കാര്യം വിദ്യാഭ്യാസ വകുപ്പ് പരിശോധിക്കാറുണ്ടോ;

(ബി) സ്കൂൾ ബസ് ഡ്രൈവർമാരായി നിയമിക്കപ്പെടുന്നതിന് വിദ്യാഭ്യാസ വകുപ്പ് മാനദണ്ഡങ്ങൾ നിഷ്ക്കർഷിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പരിചയസമ്പന്നരല്ലാത്ത ഡ്രൈവർമാർ സ്കൂൾ ബസ്സുകൾ ഓടിക്കുന്നതു മൂലം അപകടത്തിൽപ്പെട്ട് കുട്ടികളുടെ ജീവൻ നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) മാനദണ്ഡങ്ങൾ പാലിക്കാതെ ഡ്രൈവർമാരെ നിയമിക്കുന്ന സ്കൂൾ അധികൃതർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വേമ്പനാട്ട് കായൽ കയ്യേറ്റങ്ങൾക്കെതിരെ നടപടി</u>

*268 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. ജി. സുധാകരൻ
,, ആർ. രാജേഷ്
,, സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ട് കായൽ വ്യാപകമായി കൈയ്യേറ്റം ചെയ്യപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കയ്യേറ്റങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുമോ ;

(സി) കൈയ്യേറിയ പ്രദേശങ്ങൾ എത്രയും പെട്ടെന്ന് തിരിച്ചെടുത്ത് പ്രദേശത്തിന്റെ പാരിസ്ഥിതിക പ്രശ്നം പരിഹരിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>മൂന്നാറിലെ സർക്കാർ ഭൂമി കയ്യേറ്റങ്ങൾക്കെതിരെ നടപടി</u>

*269 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, കോടിയേരി ബാലകൃഷ്ണൻ
,, ഇ. പി. ജയരാജൻ
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ സർക്കാർ ഭൂമിയിൽ വീണ്ടും കയ്യേറ്റങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻസർക്കാർ തിരിച്ചുപിടിച്ച ഏതെല്ലാം ഭൂമിയിൽ ഇപ്പോൾ കയ്യേറ്റങ്ങൾ നടക്കുകയുണ്ടായി ;

(സി) വീണ്ടും കയ്യേറ്റങ്ങൾ നടക്കാതിരിക്കുന്നതിനും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും പ്രഖ്യാപിച്ച പരിപാടികൾ എല്ലാം നടപ്പിൽ വരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ജോലി സാധ്യതയുള്ള പുതിയ എഞ്ചിനീയറിംഗ് കോഴ്സുകൾ</u>

*270 ശ്രീ. എ. റ്റി. ജോർജ്
,, ഡൊമനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ്/സർക്കാർ/അർദ്ധസർക്കാർ കോളേജുകളിൽ ആധുനികവും ജോലിസാദ്ധ്യതയുമുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സ്വാശ്രയ എഞ്ചിനീയറിംഗ്കോളേജുകളിൽ ഇത്തരം കോഴ്സുകൾ തുടങ്ങുന്നതിനെക്കുറിച്ചുള്ള സർക്കാർ നയം എന്താണ്; വിശദമാക്കാമോ;

(സി) പ്രസ്തുത കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് സർക്കാരുമായി ദീർഘകാലകരാർ ഉണ്ടാക്കുമെങ്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 2.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.